4166
8/7/13

**കേരള സർക്കാർ**
**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പിലെ ഐ.സി.ഡി.പി സബ്സെന്റർ, മേഖലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ എന്നിവയുടെ പുന:ക്രമീകരണത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (മൃഗസംരക്ഷണം - ജി) വകുപ്പ്**

സ.ഉ(കൈ) നം. 225/2013/കൃഷി. തിരുവനന്തപുരം, തീയതി : 6/7/2013.

---

പരാമർശം :-1) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 31/05/2013 തീയതിയിലെ സി1-17704/11/ജനറൽ നമ്പർ കത്ത്.
2) 13/3/13 - ലെ സ.ഉ(സാധാ) നം. 415/13/കൃഷി.

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ബഹു. കൃഷിയും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി, 9/6/2011-ൽ കൂടിയ യോഗത്തിൽ വച്ച് പഞ്ചായത്ത് തലത്തിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ ഏകോപനം അത്യാവശ്യമാണെന്നും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങൾ (ഐ.സി.ഡി.പി സബ്സെന്റർ) അതാതു പഞ്ചായത്തുകളിലെ മൃഗാശുപത്രികളുടെ നിയന്ത്രണത്തിലായിരിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

2) പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃത്രിമ ബീജാധാന ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം അതാത് പഞ്ചായത്തിലെ വെറ്ററിനറി സർജന്മാരെ ഏൽപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കൃത്രിമ ബീജാധാന ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം അതാത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന വെറ്ററിനറി സർജന്മാർക്ക് കൈമാറുന്നതിനുള്ള അനുമതി നൽകി സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

4) ടി ഉത്തരവിനെതിരെ വകുപ്പിലെ വിവിധ സർവ്വീസ് സംഘടനകൾ സർക്കാരിന് പരാതി നൽകുകയുണ്ടായി. പരാതികൾ പരിഹരിക്കുന്നതിനായി സംഘടനാ പ്രതിനിധികളുടെ യോഗം രണ്ടു പ്രാവശ്യം സർക്കാർ വിളിച്ചുചേർക്കുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് തയ്യാറാക്കിയതും ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ളതുമായ മാർഗ്ഗരേഖ പ്രകാരം മൃഗസംരക്ഷണ വകുപ്പിലെ ഐ.സി.ഡി.പി സബ്സെന്റർ, മേഖലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ എന്നിവ പുന:ക്രമീകരിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ആർ.എ.എച്ച്.സി കളുടെ താലൂക്ക്തല പുന: സംഘടന സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഒ. എം. മോഹനൻ
ഡെപ്യൂട്ടി സെക്രട്ടറി

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഐ.&പി.ആർ (വെബ് & ന്യൂമീഡിയ) വകുപ്പ്(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
തദ്ദേശസ്വയം ഭരണ വകുപ്പ് (2/06/2012-ലെ 55550/ഡി ബി2/12/തസ്വഭവ നമ്പർ പ്രകാരവും 13/3/13 ലെ 4733/ഡിബി2/13/തസ്വഭവ നമ്പർ പ്രകാരവും).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം

## ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ വകുപ്പിലെ പഞ്ചായത്തുതല സ്ഥാപനങ്ങളുടെ കീഴിൽ മാറ്റുന്നതിനുള്ള മാർഗ്ഗരേഖ

### വെറ്ററിനറി സബ്സെന്റർ

1) 'ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ' എന്നത് 'വെറ്ററിനറി സബ്സെന്റർ'എന്ന് പുനർ നാമകരണം ചെയ്യുന്നതാണ്.

2) വെറ്ററിനറി സബ്സെന്ററിന്റെ ഭരണപരവും സാങ്കേതികവുമായ പൂർണ്ണ മേൽനോട്ട ചുമതല പഞ്ചായത്തുതല മൃഗാശുപത്രിക്കായിരിക്കും.

3) നാളിതുവരെ ഐ.സി.ഡി.പി. ഉപകേന്ദ്രം വഴി നടത്തി വന്നിരുന്ന പ്രജനന പ്രവർത്തനങ്ങൾ (ഫീൽഡ് സന്ദർശനം, മിൽക്ക് റിക്കോർഡിംഗ്, കന്നുകുട്ടികളുടെ ജനനം രേഖപ്പെടുത്തൽ) തുടർന്നും നടത്തേണ്ടതാണ്.

4) ജനകീയാസൂത്രണപദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ, കന്നുകുട്ടിപരിപാലന പദ്ധതികൾ, പദ്ധതി ഇതര പ്രവർത്തനങ്ങൾ എന്നിവ പഞ്ചായത്തുതല മൃഗാശുപത്രികളുടെ കീഴിൽ വരുന്നതാണ്. ഇവ നടപ്പിലാക്കുന്നതിന് വെറ്ററിനറി സബ്സെന്റർ ഭാഗമാകേണ്ടതാണ്.

5) എൻ.എ.ഡി.ആർ.എസ് (ദേശീയ കാലിരോഗ വിവര ശേഖരണം) കർഷകരുടെ രജിസ്ട്രേഷൻ തുടങ്ങിയവ വെറ്ററിനറി സബ്സെന്ററുകൾ മുഖേനയും നടത്തുന്നതാണ്.

### പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം (ആർ.എ.എച്ച്.സി)

1. മേഖലാ കൃത്രിമ ബീജാധാന കേന്ദ്രത്തിന്റെ പേര് പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം എന്ന് പുനർ നാമകരണം ചെയ്യും.

2. പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ താലൂക്ക്തല സ്ഥാപനങ്ങളായിരിക്കും. 63 താലൂക്കുകളിലും ഈ സംവിധാനം നിലവിൽ വരുന്നതാണ്. ഇവ നിലവിൽ വരുന്നതുവരെ ആർ.എ.ഐ.സി.കൾ ആർ.എ.എച്ച്.സി.കളായി അവയുടെ പ്രവർത്തന പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

3. പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ ജില്ലാ മൃഗസംരക്ഷണ ആഫീസറുടെ നിയന്ത്രണത്തിലായിരിക്കും.

4. കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ആർ.കെ.വി.വൈ., കന്നുകുട്ടി പരിപാലന പദ്ധതി, പ്രത്യേക പാക്കേജുകൾ എന്നിവയുടെ നടത്തിപ്പിന്റെ മേൽനോട്ടവും, റിപ്പോർട്ട് സമാഹരണവും, വിലയിരുത്തൽ തുടങ്ങിയ ചുമതലകൾ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ നിക്ഷിപ്തമായിരിക്കും.

5. താലൂക്ക് പരിധിയിൽ വരുന്ന മൃഗാശുപത്രികൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെയും സേവനങ്ങളുടെയും നടത്തിപ്പും, വെറ്ററിനറി സബ് സെന്ററുകളുടെ വിശദ പരിശോധന നടത്തി, റിപ്പോർട്ട് ജില്ലാ മൃഗസംരക്ഷണ ആഫീസർക്ക് നൽകലും.

6. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവ പഞ്ചായത്തുതല മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതാണ്.